(സി) 10-10-2013-ലെ സ.ഉ (ആർ.ടി.) നമ്പർ 1809/13 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കേരള ബ്രാൻഡ് പദ്ധതിക്ക് അനുമതി നൽകി പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവകൃഷിമുറകൾ അടിസ്ഥാനപ്പെടുത്തിയുള്ള ജലസേചനം കീടരോഗ നിയന്ത്രണം വിളപരിപാലനം സർട്ടിഫിക്കേഷൻ എന്നിവയിൽ അവലംബിക്കേണ്ടതായിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. ടി സർക്കാർ ഉത്തരവുപ്രകാരം വയനാട്, ഇടുക്കി ജില്ലകളിലെ ഓരോ താലൂക്കുവീതം ജൈവ താലൂക്കുകളായി മാറ്റുവാനുത്തരവായിട്ടുണ്ട്.

(ഡി) 2013-14 സാമ്പത്തിക വർഷത്തിലും 2014-15 സാമ്പത്തിക വർഷത്തിലും ഉപഭോക്താക്കൾക്കായി 1,000 രൂപ (ആയിരം രൂപ മാത്രം) ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിരുന്നു. കേന്ദ്ര സഹായം ലഭ്യമായിട്ടില്ല.

കൃഷി ഫാമുകളുടെ പുരോഗതിയും വിത്തിനങ്ങളുടെ ലഭ്യതയും

136 (1505) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് സർക്കാരിന്റെ വക എത്ര കൃഷി ഫാമുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവ ഏതൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കുമോ ;

(ബി) ഈ ഫാമുകളിൽ കേരളത്തിലെ കൃഷിക്കാരുടെ ആവശ്യാനുസരണമുള്ള വിവിധയിനം വിത്തുകൾ നൽകിവരുന്നുണ്ടോയെന്ന വെളിപ്പെടുത്തുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൃഷിക്കാരുടെ ഉന്നമനത്തിനായി കൃഷി ഫാമുകളിൽ പുതിയ എന്തൊക്കെ കാര്യങ്ങൾ നടപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ വക 64 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഈ ഫാമുകളിൽനിന്നും കേരളത്തിലെ കൃഷിക്കാരുടെ ആവശ്യാനുസരണം വിവിധയിനം വിത്തുകളും നടീൽവസ്തുക്കളും ഉൽപ്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം നടത്തിവരുന്നു.

* അനുബന്ധം വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി ഫാമുകളിൽ പുതിയ ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

കൃഷി ഫാമുകളിൽ പ്രധാനമായും കൂടുതൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കൃഷിക്കാരുടെ ആവശ്യങ്ങൾക്കായി വിതരണം ചെയ്തു വരുന്നു. ഇതിനുപുറമേ :

1. ഫാമുകളിൽ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ വാഴതൈകൾ, ശീതകാല പച്ചക്കറി ഉൾപ്പെടെ മറ്റ് ഹൈബ്രിഡ് പച്ചക്കറി തൈകൾ മുതലായവ ഉൽപ്പാദിപ്പിച്ച് ന്യായമായ വിലയിൽ കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.

2. ഹൈടെക്ക് കൃഷിരീതി അവലംബിച്ച് ഗ്രീൻ ഹൗസ്, പോളിഹൗസ് എന്നിവയിലൂടെ ഗുണമേന്മയുള്ള പച്ചക്കറി തൈകളും മറ്റും കർഷകർക്ക് ആവശ്യാനുസരണം ലഭ്യമാക്കുന്നുണ്ട്.

3. ഫാമുകളിൽ കൂടി കുറിയ ഇനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു.

ജൈവകൃഷി രീതി നടപ്പിലാക്കുവാൻ ഒട്ടേറെ പദ്ധതികൾ തുടങ്ങിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി ഫാമുകളിൽ കന്നുകാലി വളർത്തൽ യൂണിറ്റുകൾ, പൗൾട്രി യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്. കൂടാതെ മണ്ണിര കമ്പോസ്റ്റ്, മറ്റു ജൈവ വളങ്ങൾ എന്നിവയും ഫാമുകളിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇവ ആവശ്യാനുസരണം ന്യായമായ വിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

കൃഷി വകുപ്പിന്റെ പദ്ധതികൾ

137 (1506) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്നേഹനറിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ലോക പരിസ്ഥിതി ദിനത്തിൽ കൃഷി വകുപ്പിന്റെ കീഴിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയത് ;

(ബി) കാർഷിക മേഖലയിൽ നടത്താൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly